# മീറ്റിംഗ് നോട്ടീസ്

വിഷയം :- ത.സ്വ.ഭ.വ. (LID&EW) - സൂപ്രണ്ടിങ് എൻജിനീയർമാരുടേയും യും എക്സിക്യൂട്ടീവ് എൻജിനീയർമാരുടേയും പ്രതിമാസയോഗം നടത്തുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിങ് വിഭാഗത്തിലെ സൂപ്രണ്ടിങ് എൻജിനീയർമാരുടേയും യും എക്സിക്യൂട്ടീവ് എൻജിനീയർമാരുടേയും പ്രതിമാസയോഗം നടത്തുന്നതിന്റെ ഭാഗമായി ജൂൺ മാസത്തെ യോഗം **16.06.2023, 10.00am** നു ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ വെച്ച് ചേരുന്നതിനു തീരുമാനിച്ചിരിക്കുന്നു. ടി യോഗത്തിൽ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച പ്രൊഫോർമകളെ അടിസ്ഥാനപ്പെടുത്തി പുരോഗതി വിലയിരുത്തുന്നതും, പ്രശ്നങ്ങളുള്ള പ്രവൃത്തികൾ പ്രത്യേകമായി വിശകലനം ചെയ്യുന്നതുമാണ്. എല്ലാ പ്രൊഫോർമകളും **12.6.2023, 5pm** നു മുൻപായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

അജണ്ട

| Sl. No. | Description | Proforma Number |
|---|---|---|
| 1 | CMLRRP work status (based on the attached letter no.LSGD/PD/38948/2023-DB4 dated 5.6.2023.) | P-1222 |
| 2 | LAC-ADS - Pending payment details (bills already submitted on or before 31.5.2023) | P-1223 |
| 3 | Vacancy details of AE & Overseers | P-1227 |
| 4 | RKI work status | P-1129 |
| 5 | Smart Anganwadi status | P-1205 |
| 6 | General Education – status of School buildings | P-1035 |
| 7 | Fitness Certificate – Status | P-1206 |
| 8 | Status of works costing above 2crores (TS at CE level) | P-1229 |
| 9 | Project Review 2023-24 | P-1225 |

എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാരും, എക്സിക്യൂട്ടീവ് എൻജിനീയർമാരും അപ്ഡേറ്റ് ചെയ്ത വിവരങ്ങളോടുകൂടി ടി യോഗത്തിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്.

Encl: Letter dated 5.6.2023

ചീഫ് എൻജിനീയർ

/15454/2023

കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

No.LSGD/PD/38948/2023-DB4

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2324951, 0471-2324030
ഇ-മെയിൽ : ew.pdlsgd@kerala.gov.in
വെബ്സൈറ്റ്:www.celsgd.kerala.gov.in

തീയതി: 05-06-2023

പ്രേഷകൻ
ചീഫ് എൻജിനീയർ

സ്വീകർത്താവ്
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാരും

എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാരും
സർ,

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - CMLRRP - പ്രവർത്തന പുരോഗതി റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യുന്നത് / ലഭ്യമാക്കുന്നത് - സംബന്ധിച്ച് -- സംബന്ധിച്ച്

സൂചന : 1. 03.06.2023 തീയതയിലെ ഇ.ഡബ്ള്യു.ബി2/107/2020-തസ്വഭവ നമ്പർ സർക്കാർ കത്ത്

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 31.03.2023-ന് ശേഷം പൂർത്തീകരിക്കാതെ അവശേഷിച്ച മുഴുവൻ പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതിയും അവയുടെ പൂർത്തീകരണവും ഇത് വരെയുള്ള ഫണ്ട് വിനിയോഗവും സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി സർക്കാരിലേക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള മുഴുവൻ പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതിയും അവയുടെ പൂർത്തീകരണവും സംബന്ധിച്ച് **07.06.2023-ന് 3 മണിക്ക് മുൻപായി P-1222** എന്ന ഗൂഗിൾ പ്രൊഫോർമയിൽ (പ്രൊഫോർമയിലെ Current Sheet-ൽ) അപ്ഡേറ്റ് ചെയ്യേണ്ടതും വ്യക്തമായ ശുപാർശ സഹിതമുള്ള (തുടർന്നും പ്രവൃത്തി ആവശ്യമാണോ അല്ലയോ, ഫണ്ട് വിനിയോഗം എന്നത് ഉൾപ്പടെ) **റിപ്പോർട്ട്** ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ / സൂപ്രണ്ടിങ് എൻജിനീയർ എന്നിവർ **celsgdcmlrrp@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് 07.06.2023-ന് 5 മണിക്ക് മുൻപായി** സമർപ്പിക്കേണ്ടതുമാണ്. പൂർത്തീകരിച്ചതും തുക

അനുവദിക്കേണ്ടതുമായ പ്രവൃത്തികൾക്കും തുടർന്ന് പൂർത്തീകരിക്കേണ്ട പ്രവൃത്തികൾക്കും സർക്കാരിൽ നിന്നും തുക അനുവദിക്കുന്നതിന് മേൽ വിവരങ്ങൾ സർക്കാരിലേക്ക് സമയബന്ധിതമായി സമർപ്പിക്കേണ്ടതായതിനാൽ മേൽ ഗൂഗിൾ പ്രൊഫോർമ അപ്ഡേറ്റ് ചെയ്യുന്നതിലും റിപ്പോർട്ട് സമർപ്പിക്കുന്നതിലും സമയ ക്രമം പാലിക്കേണ്ടതാണെന്ന് കർശനമായി നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

Signed by Beena A
Beena A
DEPUTY CHIEF ENGINEER
Date: 05-06-2023 16:37:34